# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2619 — 19.12.2012ൽ മറുപടിയ്ക്ക്

## കടമ്പ്രയാറിനും കോഴിച്ചിറയ്ക്കുമിടയിൽ ലോക്ക്-കം-റഗുലേറ്റർ

ചോദ്യം : ശ്രീ. ബെന്നി ബെഹനാൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കടമ്പ്രയാറിനും കോഴിച്ചിറയ്ക്കുമിടയിൽ ലോക്ക്-കം-റഗുലേറ്റർ സ്ഥാപിക്കുന്നതിന് ലൊക്കേഷൻ തീരുമാനിച്ച് ഡിസൈൻ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കടമ്പ്രയാറിനും കോഴിച്ചിറയ്ക്കുമിടയിൽ ലോക്ക്-കം-റഗുലേറ്റർ സ്ഥാപിക്കുന്നതിന് 1200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഡിസൈൻ പൂർത്തിയാക്കുന്നതു സംബന്ധിച്ച പ്രവൃത്തികൾ ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി യിൽ നടന്നു വരുന്നു. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിനു ശേഷമേ പ്രവൃത്തി ടെണ്ടർ ചെയ്യുവാൻ കഴിയുകയുള്ളൂ. |
| (സി) കടമ്പ്രയാറിൽ ആഴം കൂട്ടുന്നതിനും തീരം സംരക്ഷിക്കുന്നതിനും ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിനും ഉള്ള പ്രവർത്തികളുടെ ടെണ്ടർ നടപടി ആയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (ഡി) കടമ്പ്രയാറിൽ ആഴം കൂട്ടുന്നതിനും തീരം സംരക്ഷിക്കുന്നതിനും ബോട്ടു ജെട്ടികൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ